# കൃപയാലാണ്, അതിർ കടക്കരുത് - III



പാസ്റ്റർ ഡോ. പി.എം. ജോൺസൺ, നവി മുംബൈ

ദാവീദിന്റെ മകനായ അബ്ശാലോം വിമതനീക്കം നടത്തുകയും, രാജധാനി കൈവശപ്പെടുത്തുകയും ചെയ്കയാലാണ് ദാവീദ് ഓടിപ്പോയത്. എന്നാൽ അവസാനവിജയം നേടി ദാവീദ് മടങ്ങി സിംഹാസനത്തിലെത്തുകയും, അബ്ശാലോം കൊല്ലപ്പെടുകയുമുണ്ടായി. തദനന്തരം, ദാവീദിനെ എതിരേൽക്കുവാൻ വന്നവരുടെ കൂട്ടത്തിൽ ശിമയി മുമ്പിലുണ്ടായിരുന്നു.


ശിമയി വളരെ വിപുലമായ നിലയിലാണു രാജാവിനെ എതിരേൽക്കുവാൻ വന്നത് (2 ശമു. 19:17). മാത്രമല്ല, അവൻ അനുതപിക്കുകയും രാജാവിനോടു അവന്റെ കുറ്റം കണക്കിടരുതെന്ന് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ അവന്റെ അനുതാപം യഥാർത്ഥത്തിലുള്ളതായിരുന്നോവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദാവീദ് രാജാവ് പരമാധികാരിയായി സിംഹാസനത്തിലെത്തിയ സ്ഥിതിക്ക് ഇനി വേറെയെന്താണു മാർഗ്ഗം? അദ്ദേഹത്തിന്റെ മുമ്പിൽ ജീവന്നായി കേണപേക്ഷിക്കുക, അദ്ദേഹത്തെ അംഗീകരിക്കുക, പുകഴ്ത്തുക എന്നതല്ലാതെ വേറെ യാതൊരു ഗത്യന്തരവുമില്ലല്ലോ. നരേന്ദ്രമോദി പ്രധാനമന്ത്രിയായപ്പോൾ, അദ്ദേഹത്തെ വാഴ്ത്തുവാൻ ആൾക്കാർ മത്സരിക്കുന്നതുപോലെയുള്ള ഒരുമാതിരി അടവ്. പലരുടെയും മാനസാന്തരവും അനുതാപവും ഇതുപോലെയാണല്ലോ. രോഗസൌഖ്യവും വിടുതലും പ്രാപിക്കുമ്പോളുണ്ടാകുന്ന ഒരനുഭവം. നിൽക്കുവാൻ കഴിയാത്ത പ്രതിസന്ധിയിലാകുമ്പോൾ അന്നേരത്തേക്കുണ്ടാകുന്ന ഒരുമാതിരി ആത്മീയാനുഭവം. എന്നാൽ കളി ദൈവത്തോടാണെന്നകാര്യം അങ്ങു മറന്നുപോകുന്നു. ആത്യന്തികമായ രക്ഷയോടുള്ള ബന്ധത്തിലായാലും നമ്മുടെ ജീവിതത്തിൽ പറ്റിപ്പോയ ആത്മീയ പാളിച്ചകളോടുള്ള ബന്ധത്തിലായാലും അനുതപിക്കുകയാണെങ്കിൽ, അതു ദൈവമുമ്പാകെയാണെങ്കിൽ അതിനകത്തൊരു ആത്മാർത്ഥതയും സത്യസന്ധതയും ഉണ്ടായിരിക്കട്ടെ. ദൈവത്തെ ഭയപ്പെടട്ടെ. നീ ആരാണെങ്കിലും മാനസാന്തരം അത്യന്താപേക്ഷിതമാണെന്നോർക്കുക. അല്ലാഞ്ഞാൽ നാശമാണെന്നു തന്നെയാണ് കർത്താവ് വ്യക്തമായി പറഞ്ഞത്. ''അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ അങ്ങനെ തന്നെ നശിച്ചുപോകും എന്നു നിങ്ങളോടു പറയുന്നു'' (ലൂക്കോ. 13:3).

ശിമയി ദാവീദിനെ എതിരേൽക്കുവാൻ വന്നു, അനുതാപത്തോടെ കുറ്റം ഏറ്റുപറഞ്ഞെങ്കിലും അബീശായി നിയമത്തിന്റെ വഴിക്കായിരുന്നു ചിന്തിച്ചത്. ''എന്നാറെ സെരൂയയുടെ മകനായി അബീശായി; യഹോവയുടെ അഭിഷിക്തനെ ശപിച്ചിരിക്കുന്ന ശിമെയി അതുനിമിത്തം മരണശിക്ഷ അനുഭവിക്കേണ്ടയോ എന്നു ചോദിച്ചു (2 ശമു. 19:21). ശിമയിക്ക് ലഭിക്കേണ്ട മരണശിക്ഷ ഒഴിവാക്കുക മാത്രമല്ല, ദാവീദ് അവനോടു ഉടമ്പടിയും ചെയ്തതായി നാം വായിക്കുന്നു (2 ശമു. 19:23). എന്നാൽ ആ ഉടമ്പടിയിൽ ചിലകാര്യങ്ങൾ അവൻ ചെയ്യേണ്ടിയിരുന്നു. ശിമയി ശൗലിന്റെ അനുയായിയും, രാജത്വം ശൗലിന്റെ കുടുംബത്തിൽത്തന്നെ നിലകൊള്ളേണമെന്ന് അഭിലഷിക്കുകയും ചെയ്ത ആളാണല്ലോ. എന്നാൽ ദാവീദിന്റെ കരുണയാൽ ലഭിച്ച ഇനിയുള്ള കാലം, അതായതു മരണം വരെ ദാവീദിന്റെ അഭ്യുദയകാംക്ഷിയും രാജത്വത്തോടു വിധേയത്വവും അവൻ കാണിക്കേണമെന്ന് ദാവീദ് ആഗ്രഹിച്ചിരുന്നു. നീട്ടിക്കിട്ടിയ ഇനിയുള്ള ആയുസ്സിൽ അവന്റെ താൽപര്യങ്ങൾ അവൻ ഉപേക്ഷിക്കേണ്ടിയിരുന്നു. എങ്കിൽ മാത്രമേ ആ ഉടമ്പടിപ്രകാരം ജീവിക്കുവാൻ അവനു അർഹത ഉണ്ടായിരുന്നുള്ളൂ. അവൻ ഇനി പഴയ ശിമയിയല്ല, ഒരു പുതിയ ശിമയി ആകേണ്ടിയിരുന്നു. ഇത് ദാവീദ് മരിക്കുന്നതുവരെ പോരാ, പിന്നെയോ ശിമയിയുടെ ജീവിതകാലം മുഴുവനുമുള്ള പ്രമാണമാണ്. ദൈവപൈതലേ, നമുക്ക് പാപക്ഷമ ലഭിച്ചത്, നാം പണ്ടു ജീവിച്ചതുപോലെ ഇനിയുള്ള കാലവും ജീവിക്കാൻ വേണ്ടിയായിരുന്നില്ല. പിന്നെയോ നാം അവനുവേണ്ടി, അവന്റെ ഹിതം അനുസരിച്ച് ജീവിക്കാൻ വേണ്ടിയാണെന്ന് എപ്പോഴും കരുതിക്കൊള്ളുക. ''അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ. 12 ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. 13 നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുതു, നിങ്ങളെത്തന്നെ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ. 14 നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ (റോമ. 16:11-14). ശിമയിയുടെ പാപവും, ദാവീദ് അവനോടു ചെയ്ത ഉടമ്പടിയും ദാവീദ് തന്റെ മരണത്തിനുമുമ്പ് ശലോമോനു കൈമാറിയതായി പിന്നത്തേതിൽ നാം വായിക്കുന്നു. ''പിന്നെ ബഹുരീമിലെ ബെന്യാമീന്യനായ ഗേരയുടെ മകൻ ശിമെയി എന്നൊരുവൻ ഉണ്ടല്ലോ; ഞാൻ മഹനയീമിലേക്കു പോകുന്ന ദിവസം അവൻ എന്നെ കഠിനശാപത്തോടെ ശപിച്ചു എങ്കിലും അവൻ യോർദ്ദാങ്കൽ എന്നെ

എതിരേറ്റു വന്നതുകൊണ്ടു അവനെ വാൾകൊണ്ടു കൊല്ലുകയില്ല എന്നു ഞാൻ യഹോവയുടെ നാമത്തിൽ അവനോടു സത്യം ചെയ്തു. എന്നാൽ നീ അവനെ ശിക്ഷിക്കാതെ വിടരുത്. നീ ബുദ്ധിമാനല്ലോ; അവനോടു എന്തു ചെയ്യേണമെന്നു നീ അറിയും; അവന്റെ നരയെ രക്തത്തോടെ പാതാളത്തിലേക്കു അയക്കുക (1 രാജ. 2:8-9).

നീ അവനെ ശിക്ഷിക്കാതെ വിടരുതെന്നാണു ശലോമോനോടു ദാവീദ് കൽപിച്ചത്. അതിന്റെ അർത്ഥം ദാവീദ് അവനോട് ക്ഷമിച്ചില്ലായെന്നാണോ? ക്ഷമിച്ചിരുന്നു. പക്ഷെ ആ ക്ഷമയുടെ പരിധി ദാവീദിന്റെ കാലത്തോളം മാത്രം. അതിനുശേഷം അവനു തോന്നിയപോലെ ജീവിക്കാനും അനുവദാമുണ്ടായിരുന്നില്ല. എന്നാൽ ശലോമോനും തന്റെ വാഴ്ചയുടെ ആരംഭത്തിൽ അവനെ ശിക്ഷിച്ചില്ലല്ലോ. പിന്നെയോ മറ്റൊരു ഉടമ്പടിയിൽ പ്രവേശിച്ചു, അത്രമാത്രം. അതിന്റെ അർത്ഥം, ശിക്ഷയ്ക്ക് യോഗ്യനാണെങ്കിലും, ഉടമ്പടിയിൽ, അതായത്, ഉടമ്പടിയുടെ പരിധിയിൽ നിൽക്കുന്നിടത്തോളം, ശിക്ഷ അനുഭവിക്കേണ്ടിവരില്ലായെന്നാണല്ലോ കർത്താവ് നമ്മെ പാപത്തിൽ നിന്നു രക്ഷിക്കുമ്പോൾ, നാം അവന്റെ ഇഷ്ടപ്രകാരം തുടർന്നു ജീവിക്കണമെന്നും പ്രത്യുത അവനെപ്പോലെയാകണമെന്നുമൊക്കെയാണു കർത്താവ് ആഗ്രഹിക്കുന്നത്. ദൈവവചനം അങ്ങനെ തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്: ‘‘അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു (1 യോഹ. 2:6). ദൈവവചനം ലംഘിച്ചിട്ടുള്ള ക്രമം കെട്ടുള്ള പോക്ക് അപകടത്തിലേക്കു തന്നെയാണെന്നു നാം തുറന്ന മനസ്സോടെ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. നമ്മുടെ ലംഘനം നിശ്ചയമായി നമ്മെ പിന്തുടർന്നു പിടിക്കുമെന്ന് ദൈവവചനം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. ദൈവത്തെ കബളിപ്പിക്കാമെന്നു ആരും കരുതേണ്ടതില്ല. ‘‘വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചു കൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും (ഗലാ. 6:7).

എന്നാൽ ദാവീദിന്റെ മരണത്തോടു ശിമയി ഒരു പക്ഷേ ഒന്നാശ്വസിച്ചു കാണും. എന്നാൽ ദാവീദിന്റെ ഉത്തരവ് ശലോമോനിൽ കൂടി അവനെ തേടിയെത്തി. അതിന്റെ സംക്ഷിപ്തം ഇപ്രകാരമായിരുന്നു. ‘‘പിന്നെ രാജാവു ആളയച്ചു ശിമെയിയെ വരുത്തി അവനോടു: നീ യെരുശലേമിൽ നിനക്കു ഒരു വീടു പണിതു പാർത്തുകൊൾക. അവിടെ പുറത്തെങ്ങും പോകരുത്. പുറത്തിറങ്ങി കിദ്രോൻതോടു കടക്കുന്ന നാളിൽ നീ മരിക്കേണ്ടിവരും എന്നു തീർച്ചയായി അറിഞ്ഞുകൊൾക; നിന്റെ രക്തം നിന്റെ തലമേൽ തന്നെ ഇരിക്കും എന്നു കൽപിച്ചു (1 രാജ. 2:36-37). ഈ ഉത്തരവിൻപ്രകാരം ശിമയി മരിക്കേണ്ടിയിരുന്നില്ല. അവനു ജീവിക്കാമായിരുന്നു. പക്ഷേ അവൻ ചിലത് അനുഷ്ഠിക്കേണ്ടിയിരുന്നു. ഇനിയുള്ള ജീവിതം ശലോമോന്റെ കൃപയാലുള്ളതാണ്. പക്ഷേ ശിമയിയുടെ സ്വന്ത താൽപര്യപ്രകാരം, അവന്റെ സ്വദേശത്ത് താമസിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. അവൻ യെരുശലേമിലേക്ക് താമസം മാറ്റേണ്ടിയിരുന്നു. യെരുശലേമിൽ എത്രകാലം ജീവിക്കുന്നോ അത്രയും കാലം അവനു സുരക്ഷയുണ്ട്. പക്ഷെ അതിർ വിടാൻ പാടില്ല. യെരുശലേമിന്റെ അതിർവിടുന്ന നാളിൽ അവൻ മരിക്കേണ്ടിവരും. ദൈവം നമ്മുടെ ജീവിതത്തിൽ വെച്ച അതിരുകളെക്കുറിച്ച് നാം ബോധവാനമാരായിരിക്കണം. അതിരുകൾ വെയ്ക്കുവാൻ ദൈവം യോഗ്യനാണെന്ന് നാം മനസ്സിലാക്കിയിരിക്കണം. എന്തുകൊണ്ടെന്നാൽ നാം അവന്റെ വകയാണല്ലോ. നാം പാപികളായിരുന്നുവെന്നും നിത്യമരണത്തിനു യോഗ്യരായിരുന്നുവെന്നും നമ്മുടെ പാപത്തിന്റെ ശിക്ഷ കർത്താവ് വഹിച്ച്, അവന്റെ രക്തത്താൽ നമ്മെ വിലയ്ക്കുവാങ്ങിയിരിക്കുകയാൽ നാം അവനുള്ളവർ ആണ് എന്നുമുള്ള കാര്യം നാം വിസ്മരിച്ചുകൂടാ (1 കൊരി. 6:19-20). നാം അവന്റെ വകയാകുമ്പോൾ, അവനെ അനുസരിക്കാൻ ബാധ്യസ്ഥരാണെന്ന കാര്യം എടുത്തു പറയേണ്ട കാര്യമില്ലല്ലോ. പ്രത്യേകിച്ചും അവനുമായുള്ള ഉടമ്പടിയുടെ കാര്യത്തിൽ ശിമയിക്ക് ശലോമോനുമായി ഒരു ഉടമ്പടി ഉണ്ടായിരുന്നു. ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അവൻ യെരുശലേമിനു പുറത്തു പോകാനോ കിദ്രോൻ തോട് കടക്കാനോ പാടുണ്ടായിരുന്നില്ല. ദൈവവുമായി എടുത്ത ഉടമ്പടി അഥവാ നേർച്ച പാലിക്കാത്തവനെ മൂഢൻ എന്നാണു സഭാപ്രസംഗി വിളിക്കുന്നത് (സഭാ. 5:4-5). നാം ദൈവമക്കൾ ആയിരിക്കുന്നത് ദൈവവുമായുള്ള ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണല്ലോ. ഇതാണല്ലോ പുതിയ നിമയം. ഈ ഉടമ്പടിപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും അതിരുകളും നാം പാലിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ●



# പരിമിതികൾ
# അതിജീവിച്ച മഹതി



**പാസ്റ്റർ പി. കെ. ജോൺസൺ**
**അയർക്കുന്നം**

ശാരീരികമായ പരിമിതികളെയും പരാധീനതകളെയും ധീരതയോടെ നേരിട്ട് ജീവിതം ഒരു അത്ഭുത പ്രതിഭാസമാക്കി മാറ്റിയ മഹാപ്രതിഭയാണ് ഹെലൻ കെല്ലർ. ലോകപ്രശസ്തയായ ആ ധന്യവതിയുടെ അൻപതാം ചരമവാർഷികമാണ് ജൂണിൽ നടക്കുന്നത്. കാഴ്ചയും ശ്രവണശക്തിയും സംസാരശേഷിയും ഇല്ലാത്ത അവസ്ഥയിൽ പ്രഭാഷണങ്ങളിൽ കൂടിയും രചനകളിൽക്കൂടിയും അവർ സമൂഹത്തെ ധാർമ്മികമായി പ്രചോദിപ്പിച്ചു എന്നു പറയുമ്പോൾ അതിശയിക്കാത്തവരുണ്ടാകയില്ല. ജന്മനാടായ അമേരിക്കയിൽ ഒതുങ്ങിക്കൂടാതെ എല്ലാ ഭൂഖണ്ഡങ്ങളിലും സഞ്ചരിച്ച് ഒരു വലിയ ദൗത്യം നിർവഹിക്കാൻ ആ മഹിളയ്ക്കു സാധിച്ചു. എൺപത്തെട്ടാമത്തെ വയസിൽ 1968 ജൂൺ ഒന്നിനാണ് കെല്ലർ മൺമറഞ്ഞത്.

കെല്ലർക്ക് കേവലം 19 മാസം പ്രായമുള്ളപ്പോൾ രോഗം ബാധിച്ച് കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടു. അവ രണ്ടും ഇല്ലാതായപ്പോൾ സംസാരിത്തിനുള്ള കഴിവും ഉണ്ടായില്ല. അഞ്ചു വർഷങ്ങൾക്കുശേഷം ആൻസുള്ളിവാൻ എന്ന അധ്യാപിക കടന്നുവന്നതോടെ കെല്ലറുടെ ജീവിതത്തിന് അത്ഭുത മാറ്റമുണ്ടായി. ആദ്യം കൈവെള്ളയിൽ അക്ഷരങ്ങൾ എഴുതി പഠിപ്പിച്ചും, അക്ഷരങ്ങൾ കൂട്ടിച്ചേർത്തു വസ്തുക്കളുടെ പേരുകൾ പഠിപ്പിക്കുന്നതിനും തുടക്കമായി. പിന്നീട് ബ്രെയിലി അക്ഷരത്തിൽ എഴുത്തും വായനയും സാധ്യമാക്കി, അങ്ങനെ ലേഖനപരമ്പരകളും ഗ്രന്ഥങ്ങളും രചിക്കാൻ പ്രാപ്തി നേടി. 'എന്റെ ജീവിതകഥ എന്ന ആത്മകഥ' വളരെ പ്രസിദ്ധിയും പ്രചാരവും നേടി.

അന്ധയും ബധിരയും മൂകയുമായ ഒരു വ്യക്തിയെപ്പറ്റി നമ്മുടെ മനസ്സിൽ അയ്യോഭാവം തോന്നിയേക്കാം. എന്നാൽ അഭിനന്ദനവും പ്രശംസയും കൃതജ്ഞതയുമാണ് ഉയരേണ്ടത്. അതിനു പ്രേരിപ്പിക്കുന്നതാണ് കെല്ലറുടെ വാക്കുകൾ. ഞാൻ ഏറെക്കാലമായി ഒരു വലിയ സത്യം വെളിപ്പെടുത്താനും വ്യക്തമാക്കാനും പരിശ്രമിച്ചിട്ടുള്ളതാണ്. എങ്കിലും ജനങ്ങൾ ഇപ്പോഴും അതു മുഖവിലയ്ക്ക് എടുക്കുന്നില്ല. അതായത് നൂറുശതമാനം ഞാൻ സന്തോഷവും സന്തുഷ്ടിയും നിറഞ്ഞവളാണെന്ന സത്യം അനേകർക്കും അവിശ്വസനീയമായി അവശേഷിക്കുന്നു. ശാരീരിക പരിമിതികൾ എന്റെ മനസ്സിനെയും ആത്മാവിനെയും ഗുരുതരമായി ബാധിച്ച് ഞാൻ കടുത്ത നിരാശയിൽ തളച്ചിടപ്പെട്ടിരിക്കുകയാണെന്ന് അവർ കരുതുന്നു. എന്നാൽ എനിക്കു തോന്നിയിട്ടുള്ളത് നമ്മുടെ സന്തോഷത്തിന് നമ്മുടെ ഇന്ദ്രിയങ്ങളുമായി വലിയ ബന്ധമില്ലെന്നാണ്. നമ്മുടെ മാനസീക വ്യാപാരവും മനോഭാവവുമാണ് സർവപ്രധാനം. ഈ പ്രപഞ്ചത്തെപ്പറ്റി യാതൊരു വൈചിത്ര്യവുമില്ലാത്ത, പ്രയോജനരഹിതമായ ഒന്നായി നമ്മുടെ മനസ്സിൽ കരുതിയാൽ, അതങ്ങനെ തന്നെ നമുക്കനുഭവപ്പെടും; മറിച്ചാവുകയില്ല. നേരെ മറിച്ച് ആ ഭൂമണ്ഡലം മനോഹരമായി സൃഷ്ടിക്കപ്പെട്ട് നമ്മുടെ അനുഭവത്തിനായി നൽകപ്പെട്ടിരിക്കുന്നുവെന്ന് ഓർക്കുക. ആകാശവിതാനത്തിൽ സൂര്യനും ചന്ദ്രനും നക്ഷത്രഗോളങ്ങളും നമുക്ക് ചൂടും വെളിച്ചവും സന്തോഷവും നൽകാൻ നിലകൊള്ളുന്നു. മലകളും കുന്നുകളും താഴ്വരകളും പുഴകളും എല്ലാം നമുക്കു കുളിർമയും ഹൃദയത്തിൽ സന്തോഷവും പകരുന്നു. ഉന്നതമായ ലക്ഷ്യത്തിനും ദൗത്യത്തിനുമാണ് നാമിവിടെ ജനിച്ചത് എന്ന ശ്രേഷ്ഠ ചിന്ത നമ്മിൽ ഉയരും. ഈ ഹ്രസ്വമായ ഭൗതീക ജീവിതത്തിനപ്പുറമായ ലക്ഷ്യത്തിലേക്കാണ് നാം നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നും ചിന്തിക്കാൻ നമുക്കിടയാകും.

ശാരീരികമായ പരിമിതികളോ പ്രയാസങ്ങളോ നമ്മുടെ വീക്ഷണത്തെ വികലമാക്കാൻ അനുവദിച്ചുകൂടാ എന്ന വലിയ സന്ദേശം കെല്ലറുടെ വാക്കുകൾ വെളിപ്പെടുത്തുന്നു. കാഴ്ചയും കേൾവിയും സംസാരശേഷിയും ഇല്ലെങ്കിൽ സംവേദനം അസാധ്യമെന്നു കരുതി ഒതുങ്ങിക്കൂടാനല്ല കെല്ലർ ഉദ്യുക്തയായത്. അവയെ അതിജീവിക്കാനുള്ള നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും നിതാന്ത പരിശ്രമവും ഒന്നുചേർന്നപ്പോൾ പ്രഭാഷകയും എഴുത്തുകാരിയും സഞ്ചാരിയും ഒക്കെയായി അവൾ മാറി.

നാം പുലർത്തുന്ന മനോഭാവമാണ് സർവപ്രധാനമെന്നു വെളിവാക്കുന്നു. ആ മനോഭാവം നമ്മുടെ ചുറ്റുമുള്ള ലോകത്തെ നാം എങ്ങനെ വിലയിരുത്തുന്നു എന്നു തെളിയിക്കും. മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധങ്ങളിൽ അത് ഏറെ സ്വാധീനിക്കുന്നു. നമ്മുടെ മനോഭാവം നമ്മെ പടുത്തുയർത്തുവാനും, തകർന്നടിഞ്ഞുപോകുവാനും പ്രേരകമാകാം. രണ്ടു തരത്തിലുള്ള മനോഭാവം പുലർത്താം. പോസിറ്റീവ് ആയും നെഗറ്റീവ് ആയും. പോസിറ്റീവ് മനോഭാവം പുലർത്തുന്നവർ സന്തോഷം നിറഞ്ഞവരും വിജയങ്ങൾ വരിക്കുന്നവരുമാകുന്നു. നെഗറ്റീവ് മനോഭാവമുള്ളവർ ദോഷൈകദൃക്കുകളും അശുഭ ചിന്താകരമായിത്തീരുന്നു.

ഫോസ്റ്റർ എന്ന ഗവേഷകൻ പറയുന്നത് നമ്മുടെ ശാരീരിക അസ്വാ

# ബന്ധങ്ങൾ നഷ്ടമാക്കരുത്

ഡോ. എഡിസൺ തോമസ്
വേങ്ങൂർ.

ഈ ദിവസങ്ങളിൽ മാനുഷിക ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുവാൻ വേണ്ടി അയൽകൂട്ടങ്ങൾ, കുടുംബയോഗങ്ങൾ, സ്ത്രീശക്തി, കുടുംബശ്രീ എന്നിങ്ങനെയുള്ള പല കൂട്ടായ്മകൾ മനുഷ്യരുടെ ഇടയിൽ ഉണ്ട്. ഇത്തരം പരിപാടികളിലൂടെ അയൽബന്ധങ്ങളും കുടുംബബന്ധങ്ങളും കൂടുതൽ സ്ഥാപിക്കപ്പെടുകയാണ്. ഇന്നു സമൂഹങ്ങളിലും സഭകളിലും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് കുടുംബബന്ധങ്ങളാണ്, ഒരു ഉദാഹരണം പറയട്ടെ, പണ്ടൊക്കെ നമ്മൾ ആരാധനായോഗങ്ങളിൽ നിന്നുപോകുകയായിരുന്നു പതിവ്. എന്നാൽ ഇന്നു നമുക്കു സൗകര്യങ്ങളും ചുറ്റുപാടുകളും സാമ്പത്തികവും വർദ്ധിച്ചപ്പോൾ മുന്തിയ വാഹനങ്ങളിൽ യോഗങ്ങൾക്കും കൂട്ടങ്ങൾക്കും പോയി തുടങ്ങി. അങ്ങനെ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ആളുകളോടും അയൽവാസികളോടും സംസാരിക്കുവാനോ സമ്പർക്കം പുലർത്തുവാനോ കഴിയുന്നില്ല. അക്കാരണത്താൽ ബന്ധങ്ങൾ പതുക്കെ പതുക്കെ നഷ്ടമാകുകയാണ്. ഒരു കാലത്ത് ജാതിയോ മതമോ വർഗ്ഗമോ വിശ്വാസമോ നോക്കാതെ എല്ലാവരുമായി സ്നേഹബന്ധം സ്ഥാപിച്ചിരുന്നു. എന്നാൽ ഇന്നു അതെല്ലാം നഷ്ടമായി. മനുഷ്യർ സ്വാർത്ഥരും പരസ്പരം ബന്ധമില്ലാത്തവരുമായി ബന്ധങ്ങൾ മധുരമാക്കുവാൻ പല വഴികൾ ഉണ്ട്. ചില നാളുകൾക്ക് മുമ്പ് പത്രത്തിൽ ഞായറാഴ്ചയിലെ പ്രത്യേക പതിപ്പിലെ ഇന്നത്തെ ചിന്താവിഷം എന്ന പംക്തിയിൽ വായിച്ചതായ ഒരു കഥ ഇപ്രകാരമാണ്. ബൈബിൾ നാടുകളിൽ വളരെ പ്രചാരമുള്ള ഒരു കഥയാണ്. ഒരു ചെരുപ്പുപണിക്കാരനു രണ്ടു മക്കളുണ്ടായിരുന്നു. ജീവിതവൃത്തികൊണ്ട് ചെരിപ്പു കടയും വസ്തുവകകളും സമ്പാദിച്ച അയാൾ രണ്ടുമക്കളെയും അടുക്കൽ വിളിച്ച് സമ്പാദ്യം ഭാഗം വച്ചു. മൂത്തമകന് കടയും അന്നുവരെ സമ്പാദിച്ച വസ്തുവകകളും കൊടുത്തു. ഒരു വ്യവസ്ഥ മാത്രം അനുജന് എല്ലാദിവസവും ഭക്ഷണത്തിനു വക ജ്യേഷ്ഠൻ നൽകുന്നതിനോടൊപ്പം മധുരക്കരിസിന്റെ ഒരു തണ്ടുകൂടി കൊടുക്കണം. മൂത്തമകൻ സമ്മതിച്ചു. അനുജൻ എല്ലാദിവസവും കരിമ്പു തിന്നു. മധുരക്കരിമ്പു തിന്ന അയാളുടെ മുഖത്ത് മാധുര്യമുള്ള പുഞ്ചിരി സദാ വിരിഞ്ഞുനിന്നു. മാത്രമല്ല മാധുര്യമുള്ള വാക്കും പെരുമാറ്റവും അതോടൊപ്പമുണ്ടായി. ആർക്കും ആഹ്ലാദം പകരുന്ന സാന്നിധ്യം നഗരവാസികൾ എല്ലാം അവനെ ഇഷ്ടപ്പെട്ടു. അവൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിത്തീരുകയും ചെയ്തു. എന്തു ദുഃഖമുണ്ടായാലും പ്രശ്നമുണ്ടായാലും അയാളോടൊന്നു സംസാരിച്ചാൽ മതി ശമനമുണ്ടാകും. മധുരശീലനായ ആ യുവാവ് നഗരവാസികളുടെ ആരാധ്യ പുരുഷനായി അയാൾ പടിപടിയായി ഉയർന്നു. ഇത് ഒരു ലളിതമായ കഥയാണെങ്കിലും ഇതിൽ വലിയൊരു അർത്ഥവും ആശയവുമുണ്ട്. പുഞ്ചിരിയും ശാന്തസ്വഭാവും സ്വാന്തനവാക്കുകളും ആളുകൾക്കു ആശ്വാസവും പ്രയോജനവും ആയിരിക്കും.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവവുമായുള്ള കൂട്ടായ്മ അഥവാ ബന്ധം സ്ഥാപിക്കുവാൻ വേണ്ടിയാണ്. ആരംഭകാലത്ത് ആ

---

*(പരിമിതികൾ അതിജീവിച്ച മഹതി ..... തുടർച്ച)*

സ്ഥ്യങ്ങളിൽ മുക്കാൽ ഭാഗവും ഉദ്ഭവിക്കുന്നത് മനസ്സിൽ നിന്നാണ്. അശുഭചിന്തകൾ നമ്മുടെ ശരീരത്തിലെ രാസഘടകങ്ങളെത്തന്നെ ബാധിച്ച് പല മാറ്റങ്ങളും വരുത്തുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. നാം മറ്റൊരാളെ വിമർശിക്കുമ്പോൾ അശുഭചിന്തകൾ നമ്മിൽ വ്യാപരിക്കുന്നു. അത് അധികരിക്കുമ്പോൾ നമ്മുടെ കൊളസ്ട്രോളിന്റെ അളവ് വർധിച്ച് രക്തസമ്മർദ്ദത്തിനും ഹൃദ്രോഗത്തിനും വഴി തെളിയിക്കുന്നു. കോപം കൊണ്ടു നാം ജ്വലിക്കുമ്പോൾ ആഡ്രനലിൻ എന്ന രാസപദാർത്ഥം കൂടുതലായി രക്തത്തിലേക്കു സംക്രമിക്കപ്പെടുന്നു. അപ്പോൾ നാഡീസ്പന്ദനം വർധിക്കുകയും ഹൃദയത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

നേരെമറിച്ച് ശുഭചിന്തകൾ നമ്മെ ആരോഗ്യത്തിലേക്കു നയിക്കും. രോഗങ്ങളെ ചെറുക്കാൻ സഹായിക്കുകയും ചെയ്യും. ശുഭാപ്തി ചിന്തകൾ പരാജയങ്ങളെ വിജയങ്ങളാക്കി മാറ്റും. നിരാശയെ അകറ്റി പ്രത്യാശാഭരിതമാക്കും. നമ്മുടെ സന്തോഷവും സംതൃപ്തിയും നമ്മുടെ കരങ്ങളിലാണ്. നാം പുലർത്തുന്ന മനോഭാവത്തിലും സമീപനത്തിലുമാണ്.

ഹതഭാഗ്യയെന്ന് ലോകം മുദ്രയടിക്കാവുന്ന ഒരു വ്യക്തിയുടെ ജീവിതത്തെ എത്ര സന്തോഷപ്രദവും പ്രത്യാശാഭരിതവുമായിരുന്നു എന്ന് ഹെലൻ കെല്ലറുടെ ജീവിതം നമുക്ക് ഉത്തമ സാക്ഷ്യം നൽകുന്നു. പരിതസ്ഥിതികൾ വിപരീതമായിരുന്നാലും, ശാരീരികമായ പരാധീനതകൾ നേരിട്ടാലും, നമ്മുടെ മനസ്സ് ശരിയായ രീതിയിൽ വ്യാപരിച്ചാൽ ശുഭകരമായ ചിന്തകളും വികാരങ്ങളും പുലർത്തിയാൽ ജീവിതം സന്തോഷപ്രദവും ഫലപൂർണവുമാക്കാൻ കഴിയും. അതാകുന്നു ഹെലൻ കെല്ലർ നൽകുന്ന ജീവിതപാഠം.

●

ബന്ധങ്ങൾ ഉണ്ടായിരുന്നു, എന്നാൽ മനുഷ്യന്റെ പാപത്തിന്റെ ഫലമായി ദൈവവുമായുള്ള ബന്ധം നഷ്ടമാകുകയും ചെയ്തു. എന്നാൽ മനസ്സലിവുള്ള ഇതു ദൈവം മനുഷ്യനുമായുള്ള ബന്ധം സ്ഥാപിക്കുകയും അത് ക്രിസ്തുവിലൂടെ പുനഃസ്ഥാപിക്കുകയും ചെയ്തു. തുടർന്നു ദൈവം യിസ്രായേൽ ജനത്തിലൂടെയും മറ്റും ബന്ധം സ്ഥാപിച്ചു.

അതെ, ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് പുളിച്ച വിന്നാഗിരികൊണ്ട് പിടിക്കാവുന്നതിൽ അധികം ഈച്ചകളെ മധുരിക്കുന്ന ശർക്കരപ്പാവുകൊണ്ടു പിടിക്കാൻ സാധിക്കും. വെറുപ്പും വിദ്വേഷവും ബന്ധങ്ങൾ അകറ്റുമ്പോൾ മറ്റുള്ളവർക്കു കുളിർമയും സന്തോഷവും നൽകുന്ന വാക്കുകളും പ്രവർത്തികളും ബന്ധങ്ങളെ കുടുതൽ അടുപ്പിക്കുന്നു.

മാർട്ടിൻ ലൂഥർ എന്ന ദൈവശാസ്ത്രജ്ഞനും നവോത്ഥാനത്തിന്റെ പിതാവും ആ വ്യക്തി തന്റെ സമകാലികനും പണ്ഡിതനുമായ ഹാക്ക് എന്ന പ്രസിദ്ധ വേദശാസ്ത്രജ്ഞനോടും സംസാരിക്കുന്ന അവസരങ്ങളിൽ സുഗന്ധം പരത്തുന്ന ഒരു പൂച്ചെണ്ട് കൈയിൽ കരുതുമായിരുന്നു. വാദങ്ങൾ ചൂടുപിടിക്കുമ്പോൾ ലൂഥർ സ്വന്തം കൈയിലെ പൂച്ചെണ്ടു നോക്കി മണക്കുമായിരുന്നു. താളം തെറ്റാതെയും വികാരങ്ങൾക്കു അടിമപ്പെടാതെയും സ്വയം നിയന്ത്രണം പാലിച്ച് ബന്ധങ്ങൾ കാ ത്തു സൂക്ഷിക്കുമായിരുന്നു.

തിരുവചനം ബന്ധങ്ങൾ സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ട്. അപ്പനു മക്കളോടും മക്കൾക്കു മാതാപിതാക്കളോടും ബന്ധുക്കളോടും ചാർച്ചക്കാരോടും സമൂഹത്തോടും ബന്ധമുണ്ട്. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സാമൂഹിക ജീവിയായ മനുഷ്യനെ ബന്ധങ്ങൾ കാത്തുസൂക്ഷിക്കാതെയും പാലിക്കാതെയും ജീവിക്കുവാൻ കഴിയുകയില്ല. ക്രൈസ്തവ സഭയുടെ പ്രാരംഭഘട്ടത്തിൽ ദൈവമക്കളുടെ ഇടയിൽ ബന്ധങ്ങൾ സൂക്ഷിച്ചിരുന്നു. സ്നേഹസദ്യ, കൂട്ടായ്മ, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവയെല്ലാം ബന്ധങ്ങൾ സൂക്ഷിക്കുവാൻ വേണ്ടി തയ്യാറാക്കിയതായിരുന്നു. ഫിലിപ്പ്യ സഭയിലെ ദൈവമക്കൾ കൊടുക്കുന്ന കാര്യത്തിലും സഹായിക്കുന്ന കാര്യത്തിലും മുൻപന്തിയിലായിരുന്നു. അതുകൊണ്ട് അവിടെയുള്ള ദൈവമക്കളുമായി പൗലോസിനു നല്ല ബന്ധമുണ്ടായിരുന്നു. ദൈവമക്കൾക്കു ആവശ്യമായ ഒരു സംഗതിയാണ് ബന്ധങ്ങൾ. എന്നാൽ ഇന്നു ഉപദേശത്തിന്റെയും പ്രമാണത്തിന്റെയും വ്യാഖ്യാനത്തിന്റെയും പേരിൽ മനുഷ്യരും വി ശ്വാസികളും പരസ്പരം കലഹിക്കുന്നു. എന്നാൽ ഇതെല്ലാം മാനുഷിക ബന്ധങ്ങളെ തകർക്കുകയാണ് ഇന്ത്യയുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നാണ് ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും ലിംഗത്തിന്റെയും പേരിൽ കലഹിച്ചും വിഘടിച്ചുംകൊണ്ടു മുന്നോട്ടു പോകുന്ന മനുഷ്യ സമൂഹം എന്നാൽ ഈ കാലത്തിൽ മാനുഷിക ബന്ധങ്ങൾക്കു പ്രാധാന്യവും ഊന്നലും നൽകി ആരോഗ്യകരമായ ഒരു മനുഷ്യസമൂഹത്തെ നാം സൃഷ്ടിക്കണം. അതാണ് ഇന്നത്തെ മനുഷ്യർക്ക് ആവശ്യം.

അപ്പോസ്തലനായ യോഹന്നാൻ ബന്ധങ്ങളെ സഹായിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന പദപ്രയോഗമാണ് കൂട്ടായ്മ (Fellowship). കൂട്ടായ്മ എന്നാൽ ഒന്നിലധികം ആളുകൾ ഒരുമിച്ചു സഞ്ചരിക്കുകയും ഒരേ ആശയത്തിലേക്കു യാത്ര ചെയ്യുന്നതുമാണ്. ഇതിന്റെ പിന്നിലെ സന്ദേശവും കൂട്ടായ്മ അഥവാ ബന്ധമാണ്. നാം സാധാരണ പറയാറുള്ളതാണ് ഐക്യമത്യം മഹാബലം 'Unity is strength'. ഏതൊരു കാര്യവും വിജയിക്കണമെങ്കിൽ അതിന്റെ പുറകിൽ ബന്ധങ്ങളും കൂട്ടായ്മകളും ഒത്തുചേരലുകളും ആവശ്യമാണ്. സഭാചരിത്രം പരിശോധിക്കുമ്പോൾ സുന്നഹദോസുകൾ ഉണ്ടായിരുന്നു. അതുകൊണ്ട് ഉദ്ദേശിച്ചതും ഒത്തുചേരലുകളാണ്.

നമ്മുടെ ഒത്തുചേരലുകൾ മൂലം ബന്ധങ്ങൾ തകർന്നുപോയിട്ടുണ്ടെങ്കിൽ നാം ലക്ഷ്യത്തിൽ നിന്നും അകലംവിട്ടു സഞ്ചരിക്കുന്നവരാണ്. ഒത്തുചേരലുകൾ നമ്മുടെ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്നതാക്കാം. ദൈവം നമ്മെ സഹായിക്കട്ടെ. ●

## പുസ്തക പ്രകാശനം




**മുംബൈ :** ബ്രദർ കെ. വി. മാത്യു രചിച്ച 'സുവിശേഷങ്ങൾ ചേർത്തു വായിച്ചാൽ' എന്ന ഗ്രന്ഥത്തിന്റെ ആദ്യപ്രതി മഹാരാഷ്ട്രാ സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ പി. ജോയിക്ക് നൽകിക്കൊണ്ട് പാസ്റ്റർ ജോസ് ജോർജ്ജ് നിർവ്വഹിച്ചു. ഘാട്ട്കോപ്പർ ജീസസ് കോൾ പ്രയർ ടവർ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഈസ്റ്റ് ഡിസ്ട്രിക്റ്റിന്റെ സംയുക്ത സമ്മേളനത്തിൽ വച്ചാണ് പുസ്തകം പ്രകാശനം ചെയ്തത്. പാസ്റ്റർ ഷിബു ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

## കുരിശും കുപ്പായവും ക്രിക്കറ്റും ബാറ്റും

# പെന്തെക്കോസ്തിന് അനിവാര്യമോ?

**പാസ്റ്റർ സജി പീച്ചി, മുംബൈ**



ഇന്നത്തെ പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾ ഏറെ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പുറത്തു നിന്നുള്ള വെല്ലുവിളികളാണ് ഒരുകാലത്ത് പെന്തെക്കോസ്തിനു ഭീഷണിയുണ്ടായിരുന്നതെങ്കിൽ, ആന്തരിക അസ്വസ്ഥതകളാണ് ഇന്ന് ആത്മീയ മണ്ഡലം അഭിമുഖീകരിക്കുന്ന വിലയ വെല്ലുവിളി. സാമുദായികാചാര്യന്മാരും, മതസാമൂഹിക ശക്തികളും പെന്തെക്കോസ്തു പ്രസ്ഥാനത്തെ വേരോടെ പിഴുതെറിഞ്ഞ് നാമാവശേഷമാക്കുവാൻ അഹോരാത്രം അദ്ധ്വാനിച്ചിട്ടുണ്ട്.

എന്നാലിന്നും പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾ അജയ്യമായി നിലനിൽക്കുന്നു. പരസ്പര വിശ്വാസവും, പ്രാർത്ഥനാ ജീവിതവും, ജീവിത വിശുദ്ധിയും, ദൈവീക പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപദേശ സംഹിതകളുംകൊണ്ട് പരിപുഷ്ടമാണ് പെന്തെക്കോസ്തു മണ്ഡലം.

നിന്ദയും അപമാനവും പട്ടിണിയും ദാരിദ്ര്യവും പരിഹാസവും ഏറ്റ് വിശ്വാസത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച പൂർവ്വീകരുടെ പിൻഗാമികളെ ദൈവം പിന്നത്തേതിൽ മാനിച്ച് അനുഗ്രഹിച്ച് ഭക്ഷണവും വസ്ത്രവും ജീവനോപാധികളും, ആഢംബര വാഹനങ്ങളും നൽകിയപ്പോൾ ദാതാവിനെക്കാൾ ദാനത്തിൽ ഊറ്റം കൊണ്ടതാണ് ഇന്നത്തെ സഭയുടെ ദുരവസ്ഥയ്ക്ക് കാരണമായിത്തീർന്നത്.

ആധുനിക തലമുറയ്ക്ക് യാതൊരു വിലയും നൽകേണ്ടി വന്നില്ല. ജനിച്ച് വീണതു തന്നെ സമ്പന്നതയുടെ മാറിലേക്കാണ്.

പാർക്കാൻ ശിതീകരിച്ച മണിമന്ദിരങ്ങൾ...! ആരാധിപ്പാൻ സ്വപ്നതുല്യമായ ആരാധനാലയങ്ങൾ...! അണിഞ്ഞൊരുങ്ങുവാൻ വേണ്ടത്ര വസ്ത്രങ്ങൾ...! ഇഷ്ട ഭക്ഷണം കഴിപ്പാൻ സാമ്പത്തിക സ്രോതസ്സുകൾ. യാത്ര ചെയ്യാൻ ആഢംബര വാഹനങ്ങൾ... പോക്കറ്റ് നിറയം പണം ...! വിവിധ ബാങ്കുകളുടെ എ.ടി.എം. കാർഡുകൾ...! നൂതന സാങ്കേതിക വിദ്യയുള്ള മൊബൈൽ ഫോണുകൾ ... ! അടിച്ചു പൊളിക്കാൻ സുഹൃദ്‌വലയങ്ങൾ...!

പിന്നെന്തിന് ഈ ആത്മീയതയുടെ പരിവേഷം? ഭൗതീകതയിൽ സംതൃപ്തി വേണ്ടുവോളം... ! അങ്ങനെയുള്ളവർക്ക് ആത്മീയത വിഷയമല്ല. ഭൗതീകതയിൽ ദൃഷ്ടി വച്ചിരിക്കുന്നവർക്ക് ആത്മീയ ദൃഷ്ടി പ്രകാശിക്കില്ല. പകരം ആത്മീയതയിൽ ഭൗത്മീകത ചാലിച്ച് ആളു കളിക്കാനും പേരുണ്ടാക്കാനുമാണിവരുടെ ശ്രമം...! അ തിനേതറ്റം വരെയും അവർ പോകും. എത്രവേണമെങ്കിലും പണം വാരിയെറിയും. അതിലവർ ആനന്ദം കണ്ടെത്തുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്യും... ! കുസ്തന്തീനോസ് ചക്രവർത്തിയെപ്പോലെ മനം മാറാതെ മതം മാറുന്നവർ..! ചടങ്ങിനുവേണ്ടി ആരാധനാലയങ്ങളിൽ വന്ന് പോകുന്നവർ..! വചനധിഷ്ഠിതമായ കാഴ്ചപ്പാടോ, പ്രവൃത്തികളോ, ആരാധനയോ ഇല്ലാത്തവർ..!

ബാഹ്യ വെല്ലുവിളിയേക്കാൾ ആപത്താണ് ഈ ആന്തരീക വെല്ലുവിളി. അർബുദവ്യാധിപോലെ പടർന്ന് സഭയെ ഉന്മൂലനം ചെയ്യുന്നതാണിത്. പാളയത്തിൽ പടപോലെ അകത്തുനിന്നുളവാകുന്ന ഈ അപജയങ്ങൾ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ ശോഭയ്ക്ക് മങ്ങലേൽപ്പിക്കുന്നു.

ആദിമ വിശുദ്ധന്മാർ അകലം പാലിച്ച പലതിനോടും അടുപ്പം പുലർത്തുകയും മടിയിലെടുത്ത് താലോലിക്കുകയും ചെയ്യുന്ന ഒരു പുത്തൻ സംസ്കാരം പെന്തെക്കോസ്തിൽ രൂപപ്പെട്ടു തുടങ്ങിയിട്ടുണ്ട്. വിട പറഞ്ഞതിനെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുകയും സഭ നിഷ്ക്കർഷിച്ചതിനോട് ചങ്ങാത്തം പുലർത്തുകയും ചെയ്യുന്ന ഒരു നവീന സംസ്കാരം... ! ലോകമയത്വത്തിലേക്ക് സഭ കൂപ്പുകുത്തുന്നുവെന്നതിന്റെ പരോക്ഷമായ സൂചനകളാണിതെല്ലാം. ഇതിൽ ഭയാശങ്കകൾ ഭക്തന്മാരുടെ ഹൃത്തിൽ ഇല്ലാതില്ല. ഒരു കാലത്ത് സത്യാധിഷ്ഠിത മൂല്യ സംഹിതകൾക്കുവേണ്ടി വീറോടെയിറങ്ങിത്തിരിച്ചവർ, പള്ളിയോടും പട്ടക്കാരോും ആചാരാനുഷ്ഠാനങ്ങളോടും ഗുഡ്ബൈ പറഞ്ഞവരുടെ അനന്തര തലമുറകൾ. പട്ടത്വ സഭകളുമായി ചങ്ങാത്തം കൂടി കൈകോർക്കുന്നു. സഭകൾ തമ്മിൽ കാലാനുസൃതമായ ഐക്യത അനിവാര്യം തന്നെ. പക്ഷെ പട്ടത്വസഭകളുടെ പല ചരക്കുകളും ഇറക്കുമതി ചെയ്യപ്പെടുന്ന വിപണിയായി പെന്തെക്കോസ്തു പ്രസ്ഥാനം മാറിക്കൂടാ...! പെന്തെക്കോസ്തു പ്രസ്ഥാനത്തിന് തനതായ വ്യക്തിത്വമുണ്ട്, മാർഗ്ഗരേഖകളുണ്ട്, നിയമ സംഹിതകളുണ്ട്. സർവ്വോപരി വചനാധിഷ്ഠിതമായ, സത്യാധിഷ്ഠിതമായ പ്രമാണങ്ങളുമുണ്ട്. അത് പട്ടത്വസഭകളുടെ പാദത്തിൽ അടിയറവ് വെക്കരുത്. അതിന്റെ നവീകരിച്ച പതിപ്പാണ് ഇപ്പോഴത്തെ പെന്തെക്കോസ്തരുടെയിടയിലെ 'കുപ്പായ ഭ്രമം' ...ബിഷപ്പാകാനുള്ള അഭിനിവേശം...! പൗരോഹിത്യ വസ്ത്രമണിയാനുള്ള വ്യാമോഹം... !

സാമുദായിക സഭകൾ നവീകരണത്തിലേക്ക് കടന്നുവരുമ്പോൾ നവീകരണ സഭകളെ ഇന്നു അറിയപ്പെടുന്ന പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾ പാരമ്പര്യത്തിലേക്ക് കരണം മറിയുന്നു. ഇതേറ്റവും ദുഃഖകരമാണ്, വൈരുദ്ധ്യാത്മകമാണ്...! വിരോധാഭാസമാണ്...!

പെന്തെക്കോസ്തരുടെ സ്നാനമാണ് ശരിയെന്ന് വരെ സമുദായസ്ഥർ പറഞ്ഞുവെച്ചിരിക്കുമ്പോഴാണ് പെന്തെക്കോസ്തുകാർ പൗരോഹിത്യ വസ്ത്രമണിയാനുള്ള വ്യഗ്രതയിൽ ഈ നെട്ടോട്ടമോടുന്നത്...! പൗരോഹിത്യ കുപ്പായം ചിലരൊക്കെ വാങ്ങി അണിഞ്ഞാസ്വദിച്ചു. മറ്റു ചിലർ (തയ്പിച്ച്) തുന്നി പെട്ടിക്കകത്ത് പൂട്ടിക്കെട്ടി വച്ചി

രിക്കുന്നു. അർത്ഥാൽ സാമുദായികാചാരാനുഷ്ഠാനങ്ങളെ പിൻതാങ്ങി 'ഓശാന' പാടാനും പെ ന്തക്കോസ്തിനെ ചില 'വില്ലന്മാർ' എഴുന്നേറ്റു തുടങ്ങി.

ഇനിയുള്ള കാലം കുപ്പായമിട്ടവരെ മാത്രമേ മദ്ബഹായിൽ പ്രവേശിപ്പിക്കൂ എന്ന നിഗമനത്തിലേക്ക് പെന്തെക്കോസ്തു പ്രവരന്മാർ എത്തിക്കഴിഞ്ഞു. പെന്തെക്കോസ്ത് വേദികളിലും ചാനലുകളിലും, സഭകളിലും, ഘോരഘോരം പ്രസംഗിച്ച് കൃപാവരശുശ്രൂഷകൾ വരെ ചെയ്ത വക്താക്കളാണ് ഈ 'യജ്ഞ'ത്തിനു മുതിർന്നതെന്നതാണ് ഏറെ ചിന്തനീയം... !

അന്നവർക്ക് നിലനിൽപിന്നാധാരം പെന്തെക്കോസ്തു വേദികളും ചാനലുകളുമായിരുന്നു. സാധാരണക്കാരായ വിശ്വാസികളുടെ കാണിക്കാപ്പെട്ടിയിലെ പണമാണ് അവരെ വളർത്തിയതെന്ന സത്യം അവർ സ്വമേധയാ മറന്നു കളയുന്നു. വിട്ടുപോന്നതിനെ കെട്ടിപ്പുണരുകയും ചെയ്യുന്ന സാക്ഷാൽ ബിലെയാമുമാർ ... !

**ഇനിയൽപം കായിക വിനോദം**


കായിക രംഗം യുവജനങ്ങൾക്കെന്നും ഹരമുളവാക്കുന്നതാണ്. ഫുട്ബോളും, ക്രിക്കറ്റും, ടെന്നീസും, വോളിബോളുമെല്ലാം യുവാക്കളിൽ ആവേശം പകരുന്ന കായിക വിനോദങ്ങളാണ് പ്രവർത്തന ക്ഷമതയുള്ള രക്തമാണ് യുവാക്കളുടെ സിരകളിലൂടെ പ്രവഹിക്കുന്നത്. തന്നിമിത്തം രാഷ്ട്രീയ പാർട്ടികൾപോലും യുവാക്കളെ കേന്ദ്രീകരിച്ചാണ് പ്രവർത്തന പദ്ധതികളാവിഷ്കരിക്കുന്നത്. കായിക ക്ഷമതയുടെ കാര്യത്തിലും ഓരോ രാജ്യത്തിനുപോലും യുവാക്കളെ കേന്ദ്രീകരിച്ചുള്ള വിനോദങ്ങളുണ്ട്. കായിക ലോകം യുവാക്കളാൽ സംപുഷ്ടമായിരിക്കുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.


പെന്തെക്കസോ്തു പ്രസ്ഥാനങ്ങൾക്കും യുവജന സംഘടനകളുണ്ട്. 'യൗവ്വനരക്തം യേശുവിനായ്' എന്ന ഉദ്ദേശത്തോടെ, കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജന സംഘടനകളാണ് അവയിൽ മിക്കതും. ക്രൈസ്റ്റ് അംബാസിഡേഴ്സ് (CA), ക്രൈസ്തവ സുവിശേഷ മുന്നേറ്റം (CEM), പെന്തക്കോസ്തു യുവജന സംഘടന (PYPA) , ഇന്റർ കോളേജിയേറ്റ് പ്രയർ ഫെലോഷിപ്പ് (ICPF) തുടങ്ങി ശതം യുവജന പ്രസ്ഥാനങ്ങൾ കർത്തവ്യബോധത്തിൽ നിന്നും വ്യതിചലിച്ച് സഞ്ചരിക്കുന്നുണ്ടോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു.


സ്കൂൾ, കോളേജ് തലങ്ങളിൽകായിക രംഗം ഏറെ സജീവമാണ്. യുവജന സംഘടനകൾ പ്രവർത്തിക്കേണ്ടത് ആത്മീയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്. വിശ്വാസത്തിലും, പ്രാർത്ഥനയിലും, സുവിശേഷ പ്രചാരണാർത്ഥം വീറോടെ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ് നമ്മുടെ യുവജന പ്രസ്ഥാനങ്ങൾ ...! നേതൃത്വസ്ഥാനത്ത് വിരാജിക്കുന്ന യുവനേതാക്കന്മാർ അണികളിൽ കായിക ക്ഷമത വളർത്താൻ മുന്നിട്ടിറങ്ങിയിരിക്കുന്നു...!

ബൈബിളും ട്രാക്റ്റും (സുവിശേഷ പ്രതികൾ) ചുമക്കേണ്ട കൈകൾ ക്രിക്കറ്റ് ബോളിലും ബാറ്റിലും അമരുമ്പോൾ നഷ്ടപ്പെടുന്നത് യുവജനങ്ങളുടെ സുവിശേഷ ദാഹമാണ്. കായിക മത്സരങ്ങൾ നടക്കേണ്ടത് ആത്മീക സംഘടനയുടെ ബാനറിലല്ല. പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ നേതൃത്വസ്ഥാനങ്ങളിൽ വിഹരിക്കുന്നവർ ഇതിന് മൗനാനുമതി നൽകുന്നത് ഏറെ അപലപനീയമാണ്. അവരുടെ അറിവോടും സമ്മതത്തോടുമാണ് ഈ അന്തർ നാടകങ്ങൾ അരങ്ങേറുന്നതെങ്കിൽ തികച്ചും ആശങ്കപ്പെടേണ്ടിയിരിക്കുന്നു. നെൽപ്പാടവരമ്പിലിരിക്കുന്ന കൊക്കിനെപ്പോലെ പലതും കാണുമ്പോൾ കണ്ണിറുക്കിയടച്ചിരുന്നാൽ ഉണ്ടാകുന്ന പരിണിതഫലം ഏറെ പരിതാപകരമായിരിക്കും. വരും നാളുകൾ നമ്മുടെ കൺവൻഷൻ മൈതാനങ്ങൾ ആത്മീയാരാധനയ്ക്ക് പകരം ക്രിക്കറ്റ് മത്സരങ്ങളുടെ വേദിയാകില്ലെന്ന് ആർക്കാണ് പറയാനാവുക.... ? ●


**ലഘുലേഖകൾക്ക് ബന്ധപ്പെടുക**








ഐ.പി.സി. മഹാരാഷ്ട്രാ സ്റ്റേറ്റിലെ എല്ലാ ഡിസ്ട്രിക്റ്റിലേക്കും ആവശ്യമായ വിവിധ മറാഠി ലഘുലേഖകൾ തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സഭകളുടെയോ ഡിസ്ട്രിക്റ്റുകളുടേയോ ഉത്തരവാദിത്വപ്പെട്ടവർ ബന്ധപ്പെടുക

**Bro. Varghese Kollakompil - Mob.: 09821 332273**

# पिता और पुत्र प्रभु यीशु मसीह के साथ हमारी सहभागिता

**पास्टर अमित गुरनानी, मुंबई.**



यूहन्ना अपने समाचार की शुरुआत यीशु की गवाही से करता है जहां वह यीशु को वचन करके संबोधित करता हे कि आदि में वचन था और वचन परमेश्वर के साथ था और वचन परमेश्वर था। यही आदि में परमेश्वर के साथ था (युहन्ना १:१-२)। वह वचन देहधारी हुआ और हमारे बीच में डेरा किया (युहन्ना १:१४)। युहन्ना अपने पहले पत्र में भी यीशु को 'जीवन' शब्द से संबोधित करते हुए शुरु करता है। और कहता है कि उस जीवन को उसने सुना, आंखों से देखा, वरन ध्यान से देखा और हाथों से छुआ वह जीवन आदि से था। सुसमाचार में कहता है कि वचन में जीवन था, पत्र में उसे जीवन कहता है। यीशु में जीवन ही नहीं बल्कि वह स्वयं जीवन है। यूहन्ना यहाँ साबित करता है कि यीशु वास्तव में शरीर में प्रकट हुआ था, हमने उसे सुना, आंखों से देखा, ध्यान से देखा और छुआ भी (युहन्ना ४:२)। यीशु अनंत जीवन है (१ युहन्ना १:२, ५:२०), जिसमें हम सब मिलकर सहभागी हैं और हमारी यह सहभागिता पिता के साथ और यीशु मसीह के साथ है (१ युहन्ना १:३)। मसीह जीवन का सही अर्थ यह है कि हम पिता के साथ और यीशु के साथ सहभागिता रखें। आज मसीह के कहलाने वाले कई हैं पर सच्चा मसीही वही है जिसका पिता और पुत्र के साथ नाता है जिसे हम सहभागिता कहते हैं। पिता और पुत्र प्रभु मसीह के साथ सहभागिता का मतलब हम उनमें रहे अर्थात पुत्र और पिता में बने रहे (युहन्ना १७:२१, १ युहन्ना २:२४)। और हमारी यह सहभागिता स्वयं अकेले कि नहीं परंतु परमेश्वर के पवित्र लोगों के साथ मिलकर है जैसे यीशु ने यूहन्ना रचित सुसमाचार में प्रार्थना करते समय कहा जैसे तू हे पिता मुझ में है और में तुझ में हूं वैसे ही वे हम में हों। हम कलीसिया के साथ सहभागिता रखते हुए और एकता रखते हुए ही पिता और पुत्र प्रभु यीशु मसीह के साथ सहभागिता रख सकते है।

यु तो हम अनंत जीवन में पवित्र लोगों के साथ सहभागी होकर पिता और पुत्र प्रभु यीशु मसीह के साथ सहभागिता रखते हैं। इस सहभागिता में रहने के लिए हमें कुछ बातों को जानना अनिवार्य है:

**१. हमें ज्योति में चलना है (१ युहन्ना १:५, २:५)**

परमेश्वर ज्योति है और उसमें काई अंधकार नहीं इसलिए जो उसके साथ सहभागिता रखते हैं उन्हें चाहिए कि वे भी ज्योति में चलें ना कि अंधकार में। जो पाप करता है वह अंधकार में है उसमें ज्योति नहीं और उसके साथ सहभागिता रखने वाला कभी अंधकार में नही चलता। हम पाप ना करें और यदि हमसे पाप हो जाता है तो हम पाप में कठोर ना होते हुए, हम अपने पापों को अंगीकार करें ता परमेश्वर हमारे पापों को क्षमा कर देगा और यीशु मसीह का लहू हमें सारे पापों से शुद्ध करता है इसलिए हम अपने पापों में हठी होकर अपने आप को धोखा न दें।

हमें रोज अपने पापों को अंगीकार करना है और यीशु के लहू से शुद्ध होना है। यीशु मसीह शिष्यों के पांव धोते समय जब पतरस के पास आए पतरस ने यीशु से कहा, तू मेरे पांव कभी न धोने पाएगा। यह सुनकर यीशु ने उससे उत्तर में कहा यदि मैं तुझे न धोऊं तो मेरे साथ तेरा कुछ भी साझा नहीं इस पर पतरस ने उससे कहा, हे प्रभु तो मेरे पांव ही नहीं वरन हाथ और सिर भी धो दे यीशु ने उससे कहा जो नहा चुका है, उसे पांव के सिवा और कुछ धोने का प्रयोजन नहीं परंतु वह बिल्कुल शुद्ध है.... (युहन्ना १३:६-१०)। हम जो एक बार यीशु (जो हमारे पापों का पायच्शित है) के बलिदान होने के द्वारा उधार पा चुके हैं तो वापस उसे दोहराने की जरूरत नही परंतु हम शरीर में रहने के कारण हमें रोज पापों से शुद्ध होने की जरूरत है ताकि हमारी सहभागिता यीशु के साथ बनी रहे।

**२. परमेश्वर को जानना है (१ युहन्ना २:३-११)**

अद्वैत सच्चे परमेश्वर और प्रभु यीशु मसीह को जानना अनंत जीवन है (युहन्ना १७:३)। अन्य जातियों के विषय में लिखा हे कि वे परमेश्वर को नहीं जानती (१ थिस्स. ४:५)। जो लोग हमको क्लेश देते हैं, जो परमेश्वर को नहीं पहचानते और हमारे प्रभु यीशु के सुसमाचार को नहीं मानते उनसे परमेश्वर पलटा लेगा (१ थिस्स. १:८)।

१. जो परमेश्वर को जानते हैं, वे उसकी आज्ञा को मानते हैं (१ युहन्ना. २:३-६)

यदि हम परमेश्वर को जानते है तो हम उसकी आज्ञाओं को मानेंगे, परमेश्वर का प्रेम हम में सिद्ध होग और हम उसमें बने रहते हुए वैसे ही चलेंगे जैसा यीशु चलता था। पुरी संगति से दूर रहें जो हमारे अच्छे चरित्र को बिगाड देती है, धार्मिकता के लिए जाग उठें और पाप न करें (१ कुरि. १५:३४)। यदि कोई परमेश्वर की पहचान में बढ़ते जाता है तो उसका यह लक्षण है, उसका चाल चालन प्रभु के योग्य होगा कि वह सब प्रकार से प्रसन्न हो और उसके जीवन में हर प्रकार के भले कामों का फल होगा (कुलु. १:१०) क्योंकि कितने ऐसे हैं जो कहते हैं कि हम परमेश्वर को जानते हैं पर अपने कामों से उसका इनकार करते हैं और घृणित काम करते हुए आज्ञा नहीं मानते और किसी अच्छे काम के लिए योग्य नहीं (तीतुस. १:१६)। परमेश्वर का वचन कहता है कि हम उसके बनाए हुए हैं और मसीह यीशु में उसने हमें अपने भले कामों के लिए सृजा है (इफि. २:१०)।

२. यदि हम परमेश्वर को जानते है तो हम अपने भाई से प्रेम रखें (१ युहन्ना. २:७-११)

जो कोई अपने भाई से प्रेम रखता है वह ज्योति में है आंधकार में नहीं और यह कभी

# മനുഷ്യന്റെ കടമകൾ

**ഇ. എ. ആൻഡ്രൂസ്, കോട്ടയം**

കഴിഞ്ഞലക്കം (നവംബർ 17) സുവാർത്തയിൽ പിതാക്കളുടെ ഉത്തരവാദിത്വത്തങ്ങൾ, കടമകൾ എന്ന ഒരു ലേഖനം വായിപ്പാൻ ഇടയായി. കടപ്പാടുകൾ ഏതെല്ലാമാണെന്ന് പരിശോധിക്കാം. അപ്പോസ്തലനായ പൗലോസ് അ. പ്ര. 20:20, 21 ൽ പ്രയോജനമുള്ളത് ഒന്നും മറച്ചുവെയ്ക്കാതെ താൻ ഉപദേശിച്ചിരുന്നു എന്നു കാണാം.

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ദൈവം തന്റെ സാദൃശ്യപ്രകാരം മനുഷ്യനെ തന്റെ കരങ്ങളാൽ സൃഷ്ടിച്ചു. മറ്റുള്ള ചരാചരങ്ങളെ എല്ലാം തന്റെ കൽപനയാൽ സൃഷ്ടിച്ചു. സൃഷ്ടിതാവായ ദൈവം ആഗ്രഹിക്കുന്നത് എല്ലാ ജീവചരാചരങ്ങളും തന്നെ സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യണമെന്ന് നമുക്ക് സങ്കീ. 148, 150 വായിച്ചു ധ്യാനിച്ചാൽ മനസ്സിലാകുന്നത് ജീവനുള്ളതൊക്കെയും ദൈവത്തെ സ്തുതിക്കട്ടെ യഹോവയെ സ്തുതിപ്പിൻ സങ്കീ. 150:6. ഇതു മനുഷ്യനും ദൈവവുമായുള്ള കടപ്പാട്.

ഇനിയും മനുഷ്യൻ കുടുംബത്തിൽ, സമൂഹത്തിൽ ജീവിക്കുമ്പോൾ ഉള്ള കടപ്പാടുകൾ വി. പൗലോസ്, വി. പത്രോസ് ഇവർ പറഞ്ഞിരിക്കുന്നത് നോക്കുക. എഫേ. 5:22-32 വരെ ശ്രദ്ധയോടെ വായിച്ചാൽ മനസ്സിലാകുന്നത് ഭാര്യ എങ്ങിനെ ആയിരിക്കണം, അതുപോലെ ഭർത്താവ് എങ്ങിനെയായിരിക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു. 31-ാം വാക്യത്തിൽ അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത് ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറഞ്ഞത്. എന്നാൽ ഇന്നത്തെ തലമുറ മനസ്സിലാക്കിയിരിക്കുന്നത് വിവാഹം കഴിഞ്ഞാൽ പിന്നെ ഭാര്യ പറയുന്നതുപോലെ ജീവിക്കാമെന്നാണ്. അതുകാരണം പലഭവനങ്ങളിലും വിവാഹശേഷം മക്കൾ അമ്മയപ്പന്മാരെ അന്വേഷിക്കുന്നില്ല. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നില്ല. വളരെ ദുഃഖകരമായ അവസ്ഥയിലേക്ക് മാതാപിതാക്കളെ തള്ളിയിടുന്നു. ഇങ്ങനെയുള്ള മക്കളോട് ദൈവം ഇടപെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അടുത്തതായി എഫേ. 6:1-4 വരെ വായിച്ചാൽ മക്കൾക്ക് മാതാപിതാക്കളോടുള്ള കടപ്പാടും മാതാപിതാക്കൾക്ക് മക്കളോടും ഉള്ള കടപ്പാടുകൾ പ്രതിപാദിച്ചിരിക്കുന്നു. വീണ്ടും 6:5-9 വരെ വായിച്ചാൽ ദാസന്മാരും യജമാനന്മാരും തമ്മിലുള്ള കടപ്പാട് മനസിലാക്കാം.

ഇക്കാര്യങ്ങൾ വിശുദ്ധ പത്രോസിന്റെ ലേഖനത്തിൽ കാണാം. 1 പത്രോ. 3:1-7. വരെയുള്ള വാക്യങ്ങളിൽ ഭാര്യയ്ക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും ഉള്ള കടപ്പാടുകൾ വിവരിക്കാം. ഇങ്ങനെ നാം ദൈവവചനം പരിശോധിക്കുമ്പോൾ ദൈവവും മനുഷ്യനും തമ്മിലുള്ള കടപ്പാട്, മനുഷ്യന് തന്റെ കുടുംബത്തിൽ പരസ്പരം ഉള്ള കടപ്പാട് ഇവയെല്ലാം വിവരിച്ചിട്ടുണ്ട്. ഇവയെല്ലാം ശരിയായ ദിശയിൽ പോയാൽ സമൂഹത്തിൽ അതിന്റെ ശരിയായ ഫലം കാണാം.

കടപ്പാടുകൾ പരസ്പരം ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. അത് ഒരു ദിശയിലേക്ക് മാത്രമല്ല അങ്ങോട്ടും ഇങ്ങോട്ടും ഉള്ളതാണ്. ഒരു പാലം ഇട്ടാൽ അക്കരയ്ക്കും ഇക്കരയ്ക്കും വേണ്ടിയാണ്. അതുപോലെ ആണ് കടപ്പാടുകൾ, ദൈവവുമായും മനുഷ്യൻ പരസ്പരമായും അനുഷ്ഠിക്കേണ്ടതാണ്. മനുഷ്യൻ സൃഷ്ടാവായ ദൈവത്തെ സ്തുതിപ്പാനും അവൻ ചെയ്ത നന്മകളെ ഓർത്ത് നന്ദികരേറ്റാനും കടപ്പെട്ടവരാണ്. ദൈവത്തിന് വല്ലതും കൊടുത്തിട്ടു അവനിൽ നിന്നും എന്തെങ്കിലും പ്രാപിക്കുകയാണോ നമ്മൾ അല്ല. അവന്റെ നന്മകളെ നാം മറക്കാതിരിക്കുക. സങ്കീ. 103:1 എൻ മനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുകയാണ്. അവനവൻ ചെയ്യുന്നത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിപ്പാൻ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റ മുൻപിൽ നിൽക്കേണ്ടതാകുന്നു. ഇക്കാര്യം പലരും ചിന്തിക്കുന്നില്ല. മാതാപിതാക്കളോടുള്ള കടപ്പാടുകൾ നിർവ്വഹിക്കാത്ത മക്കളേ നിങ്ങൾ ഒന്നു ചിന്തിച്ചുകൊൾക. ഒരു ദിവസം ന്യായാസനത്തിന്റെ മുമ്പിൽ നിങ്ങളും വരും.

●

**(पिता और पुत्र प्रभु यीशु मसीह....**

ठोकर नहीं खा सकता। यूहन्ना कहता है कि हम आपस में प्रेम रखें क्योंकि परमेश्वर प्रेम है और वह परमेश्वर से जन्मा है और परमेश्वर को जानता है। हमने परमेश्वर से प्रेम नहीं किया परंतू परमेश्वर ने हम से प्रेम किया है और यदि परमेश्वर का प्रेम हमें में सिद्ध हुआ है तो हम अपने भाई से भी प्रेम करेंगे। यदि हम उस भाई से जिसे हम देखते है प्रेम नहीं रखते तो हम परमेश्वर से भी जिसे हमने नहीं देखा प्रेम नही रख सकते। हमने परमेश्वर को नही देखा परंतु यदि हम आपस में प्रेम रखें तो परमेश्वर हम में हैं (१ युहन्ना ४:७-२१)। संसार हमें इससे जानेगा कि हम उसके चेले हैं जब हम आपस में प्रेम रखेंगे (युहन्ना १३:३५)। और प्रेम अनेक पापों को ढांप देता है (१ पत. ४:८)।

हम पिता और पुत्र में बने रहते हुए उनके साथ सहभागिता रखें। पाप न करते हुए हम ज्योतिमें चले यदि हम से पाप हो भी जाए तो अपने पापों को मान ले। यदि हम परमेश्वर को जानते हैं तो हम उसकी आज्ञाओं को मानें और आपस में प्रेम रखें। परमेश्वर आपको आशीष दें।

●